**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3289 **19.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടത്തിവരുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതിയും അവികസിത കോളനികളിൽ 'ഗാന്ധിഗ്രാമം' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലകൾക്ക് വകുപ്പിൽ നിന്നനുവദിച്ച നൽകുന്ന കോർപ്പസ് ഫണ്ടുപയോഗിച്ചും കോളനികളിൽ അടിസ്ഥാന വികസനങ്ങൾ നടപ്പിലാക്കി വരുന്നു.<br>നാല്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ 'അംബേദ്കർ സ്വാശ്രയ ഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത കോളനിനിവാസികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ;ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ